# കോൺഗ്രസ്സിൽ തൊഴിലാളി
# സോഷ്യലിസ്റ്റ് മുഖം തിരിച്ചു വരണം.

**ആർ. ചന്ദ്രശേഖരൻ**
INTUC സംസ്ഥാന പ്രസിഡന്റ്

പാർലമെന്റ് നിയമസഭാ വേദികളിൽ തൊഴിലാളികൾ അവഗണിക്കപ്പെടുന്നത് ജനാധിപത്യത്തിന് ഭൂഷണമല്ല. പണിയെടുത്ത് ജീവിക്കുന്നവർക്ക് ജനാധിപത്യ ഭരണരംഗത്ത് പ്രാതിനിധ്യ രീതിയിൽ അർഹമായ പരിഗണന ലഭിക്കുക എന്നത് തൊഴിലാളികളുടെ ജനാധിപത്യ അവകാശമാണ്. 143 കോടി ജനങ്ങളുള്ള രാജ്യത്ത് 64 കോടി വിവിധ രംഗങ്ങളിൽ പണിയെടുത്ത് ജീവിക്കുന്ന തൊഴിലാളികളാണ്. ഇവരുടെ അദ്ധ്വാനമാണ് 273 ലക്ഷം കോടി വരുന്ന രാജ്യത്തിന്റെ 2023 ലെ ആഭ്യന്തര ഉൽപാദനം. അതിനാൽ പാർലമെന്റ് – നിയമസഭ തിരഞ്ഞെടുപ്പുകളിൽ ഇന്ത്യയിലെ ഏറ്റവും വലിയ തൊഴിലാളി സംഘടനയായ ഐ.എൻ.റ്റി.യു.സി.യ്ക്ക് അർഹമായ പരിഗണന കോൺഗ്രസ്സ് പാർട്ടിയിൽ നിന്നും ലഭ്യമാകണം.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് 1885 ൽ രൂപീകൃതമാകുന്നതിന് 23 വർഷം മുമ്പ് ബ്രിട്ടീഷ് അധികാരികളെയും ഭരണകൂടത്തേയും മുഖാമുഖം നേരിട്ടത് തൊഴിലാളികളാണ്. 1862 ൽ കൽക്കട്ടയിലെ ഹൗറയിൽ റെയിൽവെ തൊഴിലാളികൾ നടത്തിയ ഐതിഹാസിക പണിമുടക്കായിരുന്നു ഇന്ത്യയിലെ പരസ്യമായ ആദ്യ സംഘടിത പ്രക്ഷോഭം. ഇതിന് പിന്നാലെ ശശിപാദ ബാനർജിയുടെ നേതൃത്വത്തിൽ 1870 ൽ ആരംഭിച്ച രാജ്യത്തെ ആദ്യ തൊഴിലാളി സംഘടനയായ വർക്കിംഗ് മെൻസ് ക്ലബ്ബ് ബ്രിട്ടീഷുകാർക്ക് എതിരെയുള്ള തൊഴിലാളികളുടെ സംഘടിത മുന്നേറ്റമായിരുന്നു. 1870 ലും 1875 ലും ബോംബെയിൽ അതിശക്തമായ തൊഴിലാളി പണിമുടക്കുകളും പ്രക്ഷോഭങ്ങളും നടന്നു. 1877 ൽ നാഗ്പൂർ എക്സ്പ്രസ്സ് എന്ന വൻകിട മില്ലിൽ നടന്ന പണിമുടക്കും ശക്തമായിരുന്നു. ഈ കാലഘട്ടത്തിൽ ഇന്ത്യയിൽ കോൺഗ്രസ്സ് ഉൾപ്പടെ ഒരു രാഷ്ട്രീയ പാർട്ടിയും ജന്മമെടുത്തിട്ടില്ല. 1890 ൽ എ.എം. ലോഖാൻഡേ യുടെ നേതൃത്വത്തിൽ ബോംബെ മിൽ ഹാന്റ് അസോസിയേഷൻ എന്ന തൊഴിലാളി സംഘടന രൂപീകരിച്ച് പ്രക്ഷോഭം നടത്തുമ്പോഴും രാഷ്ട്രീയ പ്രക്ഷോഭങ്ങൾ രാജ്യത്ത് ഉണ്ടായിരുന്നില്ല. എന്നാൽ 1908 ൽ ബാലഗംഗാധര തിലക്നെ അറസ്റ്റ് ചെയ്ത് ജയിലടച്ചതിന്റെ പേരിൽ ഒരാഴ്ചക്കാലം ബോംബെ നഗരം നിശ്ചലമാക്കി സമസ്ത മേഖലകളിലെയും തൊഴിലാളികൾ പണിമുടക്ക് നടത്തിയപ്പോഴും ഒരു രാഷ്ട്രീയ പാർട്ടിയും രംഗത്ത് ഉണ്ടായിരുന്നില്ല. ഈ പണിമുടക്കിൽ 16 തൊഴിലാളികളെ വളരെ നിഷ്ഠൂരമായി വെടിവെച്ചു കൊന്നപ്പോഴും രാജ്യത്ത് രാഷ്ട്രീയ പ്രക്ഷോഭം ഉയർന്ന് വന്നില്ല.

എന്നാൽ ഈ പ്രക്ഷോഭത്തിന് എല്ലാം പിന്നാലെ 1917 – ൽ ബീഹാറിലെ നീലം കർഷക തൊഴിലാളികളെ സംഘടിപ്പിച്ചും, അവരിലൂടെ സമരമുഖം തുറന്നുമാണ് ഗാന്ധിജി ഇന്ത്യൻ സ്വാതന്ത്ര്യ പ്രക്ഷോഭത്തിന് തുടക്കം കുറിച്ചത്. 1918 ൽ നടന്ന ഗുജറാത്തിലെ ഖേഡ കർഷക തൊഴിലാളി പ്രക്ഷോഭവും, അഹമ്മദബാദിലെ തുണി മിൽ തൊഴിലാളികളുടെ സമരങ്ങളുമായിരുന്നു ഗാന്ധിജിയുടെ ശക്തിയും ആവേശവും എന്നത് കോൺഗ്രസ്സ് വിസ്മരിക്കരുത്. ഇതിന് പിന്നാലെ ദേശീയ ട്രേഡ് യൂണിയൻ രൂപീകരണം എന്ന ആശയം 1919–ലെ അമൃത്സർ കോൺഗ്രസ്സ് സമ്മേളനത്തിലൂടെ ഗാന്ധിജി സ്വായത്തമാക്കിയപ്പോൾ നാല് ശതാബ്ദം പിന്നിട്ട ഇന്ത്യയിലെ വൈദേശീക ആധിപത്യത്തിന്റെ അടിത്തറ ഇളക്കാൻ ഗാന്ധിജി ആശ്രയിച്ചത് തൊഴിലാളികളെയാണെന്ന് കാണാം. ഇതേ വർഷം അന്തർദേശീയ തലത്തിൽ രൂപീകൃതമായ ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷനിൽ തൊഴിലാളി പങ്കാളിത്തം ഉറപ്പു വരുത്തി ഇന്ത്യൻ

വിഷയങ്ങൾ അന്തർദേശീയതലത്തിൽ ചർച്ച ചെയ്യുന്ന സാഹചര്യം സൃഷ്ടിച്ചതും കോൺഗ്രസ്സ് വിസ്മരിക്കരുത്.

ലോകത്ത് ഭരണക്കൂടങ്ങളെ നിലനിർത്തിയിട്ടുള്ളതും ജനവിരുദ്ധ ഭരണങ്ങളെ തകർത്തിട്ടുള്ളതും പുതിയവ സ്ഥാപിച്ചിട്ടുള്ളതും തൊഴിലാളികളാണെന്ന ചരിത്രസത്യം എല്ലാവരും ഉൾകൊള്ളണം. 1773 ൽ ആരംഭിച്ച ബോസ്റ്റൺ തുറമുഖത്തെ കയറ്റ് – ഇറക്ക് തൊഴിലാളികൾ നടത്തിയ ബോസ്റ്റൺ റ്റീ പാർട്ടി പ്രക്ഷോഭത്തിൽ നിന്നും ആരംഭിച്ച അമേരിക്കൻ സ്വാതന്ത്ര്യസമരവും, ഇതിന് പിന്നാലെ 1789 ൽ ആരംഭിച്ച ഫ്രഞ്ചു വിപ്ല വവും, 1917 ലെ സോവിയറ്റ് വിപ്ലവവും, 1946 ലെ ചൈനീസ് വിപ്ലവവും, ഇന്ത്യൻ സ്വാത ന്ത്ര്യസമരവും ഉൾപ്പടെ ലോകത്ത് നടന്നിട്ടുള്ള ചെറുതും വലുതുമായ ഭരണമാറ്റ വിപ്ലവ ങ്ങളെല്ലാം തൊഴിലാളി പ്രക്ഷോഭങ്ങളിലൂടെയാണെന്ന് കാണാം. ഇത് നന്നായി അറിയു ന്നവരാണ് മുതലാളിത്ത പാത പിൻതുടരുന്ന ലോകത്തെ വികസിത രാജ്യങ്ങൾ. അതു കൊണ്ട് ഈ രാജ്യങ്ങളിൽ വീണ്ടും ഒരു വിപ്ലവം ഉണ്ടാതാതിരിക്കാൻ തൊഴിലാളി സംര ക്ഷണ നിയമങ്ങൾ അവർ കർക്കശമാക്കിയിരിക്കുന്നു. അതിന്റെ ഗു ണഫലം അവിടെ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.

ഭൂമി – തൊഴിലാളി – മൂലധനം (LAND – LABOUR- CAPITAL) എന്നീ മൂന്ന് അടിസ്ഥാന ഘടകങ്ങളുടെ യോജിച്ച പ്രവർത്തനങ്ങളാണ് മനുഷ്യ സമൂഹത്തിന്റെ വികസന സാമ്പ ത്തിക പുരോഗതിയെ മുന്നോട്ട് നയിക്കുന്നത്. ആഹാരം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാ സം, ചികിത്സ, യാത്ര, കല, കായികം, സാഹിത്യം തുടങ്ങിയ മനുഷ്യന്റെ ആവശ്യങ്ങളും അതിനായുള്ള പ്രവർത്തനങ്ങളും ഈ മൂന്ന് ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഈ വസ്തുത ഒന്നാം ലോകമഹായുദ്ധത്തിന് ശേഷം 1919 – ലെ വാഴ്സ ഉടമ്പടിയുടെ ഭാഗ മായി രൂപീകൃതമായ ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷനും, 2–ാം ലോകമഹാ യുദ്ധത്തിന് ശേഷം രൂപമെടുത്ത ഐക്യരാഷ്ട്രസഭയും അംഗീകരിച്ചിട്ടുള്ളതാണ്.

രാജ്യത്തിന്റെ ആഭ്യന്തര ഉൽപാദനവും സാമ്പത്തിക പുരോഗതിയും പ്രധാനമായി തൊഴിലാളികളുടെ അദ്ധ്വാനത്തെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ നിയമനിർമ്മാണ നയ രൂപീകരണ വേദികളിലും ഭരണരംഗത്തും തൊഴിലാളികൾ ഇന്ന് അവഗണിക്കപ്പെടുന്നു. രാജഭരണ രീതി മതാധിഷ്ഠിതമായി കാണുമ്പോൾ ജനാധിപത്യം പണാധിഷ്ഠിതമായി അനുഭവപ്പെടുന്നു. കോടീശ്വരൻമാരും, സഹസ്രകോടിശ്വരൻമാരും ജനാധിപത്യ ഭരണ വേദികൾ ഒന്നാകെ കൈയ്യടക്കുന്നു. ജാതി – മത വിദ്വേഷം സമയാസമയങ്ങളിൽ തരാ തരം പോലെ അഴിച്ച് വിട്ടും മതനേതാക്കളെ വശീകരിച്ചും ഇവർ തങ്ങളുടെ സ്വാധീനം സ്ഥാപിക്കുന്നു.

ജനാധിപത്യ വ്യവസ്ഥിതിയിൽ ആർക്കും തിരഞ്ഞെടുപ്പിൽ മത്സരിക്കാമെങ്കിലും പൊതുവിൽ സ്ഥാനാർത്ഥി നിർണ്ണയം നടത്തുന്നതും, ജനവിധി നേടുന്നതും പ്രധാന മായി രാഷ്ട്രീയ പാർട്ടികളാണ്. തിരഞ്ഞെടുപ്പ് പ്രക്രിയയിലെ ബഹുഭൂരിപക്ഷം സമ്മതി ദായകരും തൊഴിലാളികളാണെന്നിരിക്കെ, അവർക്കും അവരുടെ പ്രസ്ഥാനങ്ങൾക്കും അർഹമായ പ്രാതിനിധ്യവും പരിഗണനയും ലഭിക്കാത്തതിൽ പ്രതിഷേധിക്കാതെ തരമില്ല.

സ്വതന്ത്ര ഇന്ത്യയിൽ 1951 മുതൽ നിരവധി ലോക്സഭ, നിയമസഭ തിരഞ്ഞെടു പ്പുകൾ നടന്നിരിക്കുന്നു. എല്ലാ തിരഞ്ഞെടുപ്പുകളിലും വിവിധ രാഷ്ട്രീയ പാർട്ടികൾ തലങ്ങും വിലങ്ങും പലതരം കൂട്ടുക്കെട്ടുകളും ജാതി – മത വർഗ്ഗവിഭാഗങ്ങളുടെ കൂട്ടി ക്കിഴിക്കലുകളും നടത്തി സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്നു. ജാതി – മത പ്രമാണിമാരു മായും അവരുടെ സംഘടനകളുമായും വ്യവസായ – വാണിജ്യ കോർപ്പറേറ്റുകളുമായും ജന്മിമാരുമായും സ്ഥാനാർത്ഥി നിർണ്ണയം മുതൽ മന്ത്രിസഭ രൂപീകരണം വരെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുകയും പങ്കുവയ്ക്കൽ നടത്തുകയും ചെയ്യുന്നു. എന്നാൽ സമ്മ തിദായകരിൽ ബഹുഭൂരിപക്ഷം വരുന്ന തൊഴിലാളികളെയും അവരുടെ സംഘടനക ളെയും ആരും ഗൗനിക്കുന്നില്ല എന്നുമാത്രമല്ല പൂർണ്ണമായും തമസ്കരിക്കുന്നു. ഈ നീക്കം മൂലധന മുതലാളിത്ത ഗൂഢാലോചനയുടെ ഭാഗമാണ് എന്നതിൽ സംശയമില്ല.

ഇത്തരം വ്യക്തികൾ അധികാരത്തിൽ എത്തിക്കഴിഞ്ഞാൽ മുതലാളിത്ത താൽപ ര്യങ്ങൾക്കനുസരിച്ച് തൊഴിലാളി വിരുദ്ധ നിലപാടുകളും നിയമങ്ങളും നടപ്പാക്കുന്നു. ഇതിന്റെ ഏറ്റവും വലിയ തെളിവാണ് നിലവിലെ ഇന്ത്യൻ പാർലമെന്റും വിവിധ നിയമസ ഭകളും. ശതകോടിശ്വരൻമാരുടെയും സഹസ്ര കോടിശ്വരന്മാരുടെയും വേദിയായി ഇവ യെല്ലാം ഇന്ന് മാറിയിരിക്കുന്നു. തൊഴിലാളി വിഷയങ്ങൾ ആരെങ്കിലും ഉന്നയിച്ചാൽ അവരെ കൂട്ടായ് പരിഹസിക്കുന്ന നിലപാടുകളും ഈ വേദികളിൽ ഉണ്ടാകുന്നു.

നിലവിൽ 1926 - ൽ ബ്രിട്ടീഷുകാരിൽ നിന്നും തൊഴിലാളികൾ സമരം ചെയ്തു നേടിയെടുത്ത ട്രേഡ് യൂണിയൻ നിയമം ഇല്ലായ്മ ചെയ്യപ്പെടുന്നു. ഭരണഘടനയിൽ മൗലീകാവകാശമായി സ്ഥാപിച്ചിട്ടുള്ള തൊഴിലാളികളുടെ സംഘടനാ സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നു. ഭരണഘടന അനുശാസിക്കുന്ന ജീവിക്കാനാവശ്യമായ വേത നവും ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് അന്യമായിരിക്കുന്നു. തുല്യജോലിയ്ക്ക് തുല്യവേതനമെന്ന സുപ്രീം കോടതി വിധി പോലും പാലിക്കപ്പെടുന്നില്ല. സ്ഥിരം ജോലി എന്നത് ഇല്ലായ്മ ചെയ്തിരിക്കുന്നു. 1970 ൽ നിയമം മൂലം നിരോധിച്ച കരാർ തൊഴിൽ സമ്പ്രദായം വ്യാപകമാക്കി തൊഴിലാളികളെ അടിമകളാക്കിയിരിക്കുന്നു. 1940 മുതൽ രാജ്യത്ത് നിലനിന്നിരുന്നതും സ്വതന്ത്ര ഇന്ത്യയിൽ തുടർന്ന് വന്നതുമായ തൊഴിലാളി പാർലമെന്റ് എന്ന് വിശേഷിപ്പിക്കപ്പെട്ട ഇന്ത്യൻ ലേബർ കോൺഫറൻസ് നിർജീവമാ ക്കിക്കുന്നു. വ്യവസായ വാണിജ്യ സേവന മേഖലകൾ നിയമവ്യവസ്ഥകൾ പാലി ക്കാതെ അടച്ചു പൂട്ടി തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നിഷേധിക്കുന്നു.

ജവഹർലാൽ നെഹ്റുവിന്റെയും, ഇന്ദിരാഗാന്ധിയുടെയും സ്വപ്ന പദ്ധതിയായ പൊതുമേഖലാ സ്ഥാപനങ്ങൾ ചവറ് വിലയ്ക്ക് വിറ്റ് തുലയ്ക്കുന്നു. കാർഷിക മേഖല തകർന്നടിഞ്ഞ് തൊഴിലാളികൾ ആത്മഹത്യ ചെയ്യുന്നു. തൊഴിലാളി തൊഴിലുടമ സർക്കാർ കൂടിയാലോചന സമിതികൾ ദുർബലപ്പെടുത്തിയിരിക്കുന്നു. ഇ.എസ്.ഐ., ഇ.പി.എഫ്., ഗ്രാറ്റുവിറ്റി, ബോണസ്സ് തുടങ്ങിയ സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഒന്നാകെ അട്ടിമറിക്കപ്പെടുന്നു. ഐ.എൽ.ഒ ഉൾപ്പടെയുള്ള അന്തർദേശീയ പൊതുവേദികളുടെ തീരുമാനങ്ങൾ അവഗണിക്കുന്നു. തൊഴിലാളി നേതാക്കളായിരുന്ന രാഷ്ട്രപിതാവ് മഹാ ത്മഗാന്ധിയെയും രാഷ്ട്രശിൽപി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെയും ഭരണഘ ടനാ നിർമ്മാതാക്കളെയും പരസ്യമായി അവഹേളിക്കുന്നു. ഒരു സമ്പന്ന ഇന്ത്യൻ വ്യക്തി യുടെ ഒരു ദിവസത്തെ വരുമാനം ശരാശി 2200 കോടിയും ഒരു പാവപ്പെട്ടവന്റെ വരു മാനം ശരാശരി 30 രൂപയുമായി മാറിയിരിക്കുന്നു. വാഗ്ദാന പെരുമഴയിലൂടെ മോഹ ങ്ങൾ വിതച്ച് തൊഴിലാളി സമൂഹത്തെ മുഴുവൻ ബാങ്കുകളുടെ കടക്കാരായി മാറ്റിയിരി ക്കുന്നു. വിലക്കയറ്റം തൊഴിലാളി ജീവിതത്തെ ആകെ തകർത്തിരിക്കുന്നു. തൊഴിലാളി സംരക്ഷണ നിയമവ്യവസ്ഥകൾ രാഷ്ട്രീയ പ്രസംഗത്തിനും ഉദ്യോഗസ്ഥ അഴിമ തിയ്ക്കും മാത്രമായി മാറിയിരിക്കുന്നു. ഈ സാമ്പത്തിക അസമത്വവും തൊഴിലാളി വിരുദ്ധ നടപടികളും ഇന്ന് ശരിയായ തൊഴിലാളി വീക്ഷണത്തോടെ പാർലമെന്റിലും നിയമസഭകളിലും ഉന്നയിക്കുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നില്ല.

ആഗോളവൽക്കരണം ഇന്ത്യയിൽ നടപ്പിലാക്കിയ 1991 ന് ശേഷം മാറി മാറി വന്ന സർക്കാരുകൾ അവരുടെ ഇംഗിതത്തിനനുസരിച്ച് രാഷ്ട്രീയ തീരുമാനങ്ങൾ കൈക്കൊ ള്ളുക വഴി രാജ്യത്തിന്റെ കാർഷിക - വ്യവസായ - വാണിജ്യ മേഖലകൾ പ്രതീക്ഷിച്ച പോലെ പുരോഗതി നേടിയില്ല എന്നുമാത്രമല്ല തൊഴിലാളികൾ പൂർണ്ണമായും ചൂഷണ ത്തിന് വിധേയരായിരിക്കുന്നു. ലോകത്ത് ഏറ്റവും കൂടുതൽ തൊഴിൽരഹിതരുള്ള ഇന്ത്യ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ കരസ്ഥമാക്കി വ്യാപകമായി വ്യവസായ ശാലകൾ സ്ഥാപിച്ച് തൊഴിലവസരങ്ങൾക്ക് വഴി ഒരുക്കിയും ചൂഷണരഹിതമായ രീതി യിൽ മാന്യമായ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ഉറപ്പു വരുത്തിയുമുള്ള ഒരു ഭരണ സംവിധാനമാണ് രാജ്യത്തിന് ഇന്ന് ആവശ്യം. ഇതിനായി മൂലധന നിക്ഷേപകരും സർക്കാരും തൊഴിലാളികളും ഒരുപോലെ പരസ്പരം ശക്തിപ്പെട്ട് മുന്നോട്ട് പോകണം. അതിനുപകരം വർഗ്ഗീയ ഫാസ്റ്റിറ്റ് മത ചിന്തകൾ വളർത്തിയാൽ പരിഹാരമാകുകയില്ല.

രാജ്യത്തെ സാമ്പത്തിക പുരോഗതി പടുത്തുയർത്തുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നത് തൊഴിലാളികളാണ്. അതിനാൽ രാജ്യത്തിന്റെ വളർച്ചയുടെ ഗുണഫലം ഏറെ ലഭിക്കാൻ തൊഴിലാളികൾക്കാണ് അർഹത. ഇതിനായി ആവശ്യം വരുന്ന മേഖല കളിൽ പ്രത്യേകിച്ച് പരമ്പരാഗത മേഖലകളിൽ ആശ്വാസ വേതന പദ്ധതി (Support Wage

System) നടപ്പാക്കണം. എങ്കിൽ മാത്രമെ സമഗ്ര പുരോഗതി (Inclusive Growth) എന്ന ആശയം പൂർണ്ണതയിലെത്തൂ. തൊഴിലുറപ്പ് പദ്ധതി പരമ്പരാഗത മേഖല മറ്റ് അസംഘ ടിത മേഖല എന്നിവയിലൊക്കെ ഏറ്റവും കുറഞ്ഞ ദേശീയ കൂലിയായി സർക്കാർ ജീവ നക്കാരുടെ ഏറ്റവും കുറഞ്ഞ വേതനം പ്രഖ്യാപിക്കപ്പെടണം. ഈ രീതിയിൽ തൊഴിലാളി കൾക്ക് ന്യായമായ കൂലി ഉറപ്പു വരുത്തിയാൽ മാത്രമേ അവരുടെ വാങ്ങൽശേഷി (Purchasing Power) വർദ്ധിക്കുകയുള്ളു. അങ്ങനെയായൽ കൂടുതൽ ഉൽപാദനം ആവശ്യ മായി വരും. അതിലൂടെ രാജ്യത്തിന്റെ ആഭ്യന്തര ഉൽപാദനം (GDP) ഉയരും. വിൽപ്പന ഉയരുമ്പോൾ വിവിധ നികുതികളിലൂടെ സർക്കാരിന്റെ വരുമാനവും ഉയരും. ഈ രീതി യാണ് വികസിത രാജ്യങ്ങളിൽ നിലനിൽക്കുന്നത്.

രാജ്യത്തെ 1 വയസ്സ് മുതൽ 100 വയസ്സിന് മുകളിൽ വരെ പ്രായമുള്ള 143 കോടി ജനങ്ങളിൽ 64 കോടിയും, സംസ്ഥാനത്തെ മൂന്നരകോടിയിൽ 1.6 കോടിയും പണിയെ ടുത്ത് ജീവിക്കുന്ന തൊഴിലാളികളാണ്. ജനാധിപത്യം പൂർണ്ണമാകണമെങ്കിൽ തൊഴി ലാളി പ്രാതിനിധ്യം ഉറപ്പാക്കി രാഷ്ട്രീയ പ്രസ്ഥാനങ്ങൾ സ്ഥാനാർത്ഥി നിർണ്ണയം നടത്ത ണം. ഭരണഘടനാ നിർമ്മാണ സഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് മുതൽ രാജ്യത്ത് നടന്ന പാർലമെന്റ് നിയമസഭ തിരഞ്ഞെടുപ്പുകളിൽ തൊഴിലാളികൾക്കും തൊഴിലാളി നേതാക്കൾക്കും 1984 വരെ കോൺഗ്രസ്സ് അർഹമായ പ്രാതിനിധ്യം നൽകിയിരുന്നു. ഭര ണഘടന നിർമ്മാണ സഭ അദ്ധ്യക്ഷനായി തൊഴിലാളി നേതാവായ ഡോ: രാജേന്ദ്രപ്രസാ ദിനെയും വിവിധ കമ്മിറ്റി ചെയർമാൻമാരായി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, സർദാർ വല്ലഭ ഭായ് പട്ടേൽ, ജെ.ബി. കൃപലാനി എന്നീ തൊഴിലാളി നേതാക്കളെയും തിരഞ്ഞെ ടുത്ത കോൺഗ്രസ്സ് തൊഴിലാളികളോടുള്ള തങ്ങളുടെ കടമയും വിധേയത്വവും ഉറക്കെ പ്രഖ്യാപിച്ച ചരിത്രം നേർക്കാഴ്ചകളാണ്.

പ്രഥമ രാഷ്ട്രപതി ഡോ. രാജേന്ദ്ര പ്രസാദും, പ്രധാനമന്ത്രി പണ്ഡിറ്റ് ജവ ഹർലാൽ നെഹ്റുവും, ഉപപ്രധാനമന്ത്രി സർദാർ വല്ലഭ ഭായ് പട്ടേലും, രാഷ്ട്രപതിയായി രുന്ന വി.വി. ഗിരിയും, പ്രധാനമന്ത്രിയായിരുന്ന ഗുൽസാരിലാൽ നന്ദയും കറകളഞ്ഞ തൊഴിലാളി നേതാക്കളായിരുന്നു. കെ. കരുണാകരൻ അടക്കമുള്ള നേതാക്കൾ കേന്ദ്രമ ന്ത്രിമാരും സംസ്ഥാന മന്ത്രിമാരും മുഖ്യമന്ത്രിമാരുമായത് തൊഴിലാളി പ്രവർത്തനത്തിലൂ ടെയാണ്. ബി.കെ നായരും സി.എം. സ്റ്റീഫനും ഉൾപ്പടെയുള്ള തൊഴിലാളി നേതാക്കൾ കേരളത്തിൽ നിന്ന് പാർലമെന്റ് അംഗങ്ങളായിരുന്നു. 1977 – ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് പരാജയപ്പെട്ടപ്പോൾ പാർലമെന്റിലെ പ്രതിപക്ഷ നേതാവായി ഇന്ദിരാഗാന്ധി നിയോഗിച്ചത് ഐ.എൻ.റ്റി.യു.സി സംസ്ഥാന പ്രസിഡന്റ് സി.എം. സ്റ്റീഫനെയായിരുന്നു എന്നതും വിസ്മരിക്കാവുന്നതല്ല. ഐ.എൻ.റ്റി.യു.സി.യുടെയും ഈ തൊഴിലാളി നേതാ ക്കളുടെയും പ്രവർത്തന ഫലമായിട്ടാണ് കോൺഗ്രസ്സിന് ഒരു സോഷ്യലിസ്റ്റ് മുഖം ആർജ്ജിക്കാനായത്. തൊഴിലാളികളുടെ പല അടിസ്ഥാന അവകാശങ്ങളും ഭരണഘടന യിൽ ഉൾപ്പെടുത്തപ്പെട്ടതും നിരവധി തൊഴിൽ നിയമങ്ങൾ തൊഴിലാളികൾക്ക് അനു ഭവേദ്യമായതും ഈ തൊഴിലാളി നേതാക്കളുടെ പ്രവർത്തനഫലമായിട്ടാണ്.

കേരളത്തിൽ 2024 ലെ ആകെ വോട്ടർമാർ 2.72 കോടിയാണ്. ഇതിൽ 53 ലക്ഷം തൊഴിലുറപ്പ് രംഗത്തും 38 ലക്ഷം നിർമ്മാണ മേഖലയിലും 35 ലക്ഷം കച്ചവട വ്യാപര മേഖലയിലും 16 ലക്ഷം മോട്ടോർ മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികളാണ്. വ്യവസായ തൊഴിലാളികളായി 4 ലക്ഷവും തോട്ടം ഉൾപ്പടെയുള്ള ഇതരമേഖലകളിലായി മറ്റൊരു 14 ലക്ഷവും ഉൾപ്പടെ ആകെ തൊഴിലാളികൾ 160 ലക്ഷമാണ്. തൊഴിലാളി സമൂഹം നിരവധി വെല്ലുവിളികൾ നേരിടുന്ന ഈ സന്ദർഭത്തിൽ തൊഴിലാളി വിഷയ ങ്ങൾ ജനാധിപത്യ ഭരണ വേദികളിൽ ഉന്നയിക്കാനും അർഹമായത് നേടിയെടു ക്കാനുമുള്ള അവസരത്തിനായി ആനുപാതിക പ്രാതിനിധ്യം തിരഞ്ഞെടുപ്പുകളിൽ തൊഴി ലാളികൾക്ക് ലഭിക്കണം.

തൊഴിലാളി സംഘടനകളും നേതാക്കളും ആധിപത്യം ഉറപ്പു വരുത്തിയിരുന്ന കോൺഗ്രസ്സിനെ 1957 – ൽ രൂപീകൃതമായ വിദ്യാർത്ഥി സംഘടനയിലുടെയും 1960 – ൽ പ്രവർത്തനം തുടങ്ങിയ യുവജന പ്രസ്ഥാനത്തിലൂടെയും രംഗത്തു വന്ന നേതാക്കൾ ഒരു പ്രത്യേക ആവേശതിരയിളക്കം സൃഷ്ടിച്ച് പ്രായത്തിന്റെ കലഹ കാഹളം മുഴക്കി ആധിപത്യം സ്ഥാപിച്ച് കോൺഗ്രസ്സിന്റെ തൊഴിലാളി മുഖം ഇല്ലായ്മ ചെയ്തു.

പാർലമെന്റ്, നിയമസഭ മത്സരവേദികളും ഭരണാധികാര കേന്ദ്രങ്ങളും തങ്ങളുടെ കുത്തകയാക്കി മാറ്റി. തൊഴിലാളികളെ പാർട്ടിയുടെ വിറക് വെട്ടുകാരും, വെള്ളം കോരികളുമായി മാറ്റിയെന്നു മാത്രമല്ല വിദ്യാർത്ഥി യുവജന പാർട്ടി നേതാക്കൾക്ക് പ്രതിരോധ കവചം തീർക്കുന്ന കേവല ഉപകരണങ്ങളാക്കി തൊഴിലാളികളെ മാറ്റുകയും ചെയ്തു. ഇത് തൊഴിലാളി സംഘടനകളുടെ അസ്തിത്വത്തിന് തന്നെ ക്ഷതമേൽപ്പിക്കുകയും ദീനരോധനങ്ങളുടെ തുരുത്തുകളായി പല തൊഴിലാളി ഭവനങ്ങളും മാറുവാൻ ഇടവരുത്തുകയും ചെയ്തു.

ജനകീയ അഭിപ്രായങ്ങൾ പറയുവാനും തിരഞ്ഞെടുപ്പുകളിൽ മത്സരിക്കാനും ഭരിക്കാനും തങ്ങൾക്ക് മാത്രമാണ് അവകാശമെന്ന് ഈ നേതാക്കൾ ശഠിക്കുമ്പോൾ ജനങ്ങളും പൊതുസമൂഹവും എന്നത് ബഹുഭൂരിപക്ഷം വരുന്ന തൊഴിലാളികളാണെന്ന സത്യം മറന്നു പോകുന്നു. തൊഴിലാളികളുടെ യഥാർത്ഥ പ്രശ്നങ്ങൾ ശരിയാവണ്ണം നിയമനിർമ്മാണ വേദികളിൽ അവതരിപ്പിക്കാൻ കോൺഗ്രസ്സ് സ്ഥാനാർത്ഥി നിർണ്ണയത്തിൽ ഐ.എൻ.റ്റി.യു.സി.യ്ക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കണം. ഇതു തൊഴിലാളികളുടെ ജനാധിപത്യ അവകാശമാണ്.

ഇന്ന് നിലനിൽക്കുന്ന ജാതി മത വർഗ്ഗീയ ആശയപ്രചരണങ്ങൾക്കെതിരെ തൊഴിലിന്റെയും കൂലിയുടെയും ആഹാരത്തിന്റെയും വസ്ത്രത്തിന്റെയും പാർപ്പിടത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും ചികിത്സയുടെയും വാർദ്ധക്യകാല ജീവിത സംരക്ഷണത്തിന്റെയും വിഷയങ്ങൾ ഉയർത്തി മാത്രമേ മഹാത്മജിയും, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും, സർദാർ വല്ലഭ ഭായ് പട്ടേലും, ഇന്ദിരാഗാന്ധിയും ആഗ്രഹിച്ച സോഷ്യലിസ്റ്റ് മുഖം കോൺഗ്രസ്സിന് ആർജ്ജിക്കുവാനും അധികാരത്തിൽ എത്തുവാനും കഴിയൂ. 1931 ൽ ഇവർ രൂപം കൊടുത്ത കോൺഗ്രസ്സിന്റെ കറാച്ചി പ്രമേയത്തിന് സമാനമായിരിക്കണം കോൺഗ്രസ്സിന്റെ ആധുനിക രാഷ്ട്രീയ ആശയം. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെയും ഇന്ദിരാഗാന്ധിയുടെയും ഫാബിയൻ സോഷ്യലിസ്റ്റ് നയത്തിലേയ്ക്ക് കോൺഗ്രസ്സും രാജ്യവും മാറണം. ഇന്ത്യ മാത്രമല്ല ലോകമാകെ ഈ നയം ജനങ്ങൾ ആവശ്യപ്പെടുന്നു. ഇതിനായി പാർലമെന്റിലും, നിയമസഭകളിലും തൊഴിലാളി പ്രവർത്തകർക്ക് മാന്യമായ അംഗീകാരം നൽകുവാൻ കോൺഗ്രസ്സ് തയ്യാറാകണം.

******

**WORKERS ARE THE MAKERS OF REVOLUTION HISTORY AND VICTORY**

**Published By V.J. Joseph, General Secretary**
**for INTUC Kerala State Committee**